# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6191

31-10-2011-ൽ മറുപടിക്ക്

## കെ.എസ്.ഇ. ബിയിലെ ആശ്രിത നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വൈദ്യുതി അപകടത്തെ തുടർന്നും മറ്റും മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 355 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇവരിൽ എത്രപേർക്ക് ജോലി നൽകി എന്നും എത്ര അപേക്ഷകൾ പരഗണനയിലുണ്ട് എന്നും വ്യക്തമാക്കാമോ; | (ബി) 355 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 279 പേർക്ക് നിയമനം നല്കുന്നതിലേക്കായി തീരുമാനമെടുത്തിട്ടുണ്ട്. 237 പേർക്ക് നിയമനം നല്കി. 29 അപേക്ഷകൾ പരിഗണനയിലാണ്. 47 അപേക്ഷകൾ ആശ്രിതർക്ക് നിയമന വ്യവസ്ഥകൾ പ്രകാരം അർഹതയില്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല. |
| (സി) വൈദ്യുതി ബോർഡിൽ ജോലിയിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് നിയമനം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (സി) നിലവിൽ ബന്ധപ്പെട്ട എല്ലാ രേഖകളുമുൾപ്പെടെ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസമില്ലാതെ തന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമന ഉത്തരവ് നല്കിവരുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ മാത്രം ഒഴിവുകളില്ലാത്തതിനാൽ 42 പേർക്ക് നിയമനം നല്കാൻ കഴിഞ്ഞിട്ടില്ല. |

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ളവർക്ക് അർഹമായ പ്രൊമോഷൻ നൽകിയാൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആശ്രിത നിയമനങ്ങൾ ഭൂരിഭാഗവും നടത്താൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഡി) ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ളവർക്ക് നിലവിൽ പ്രമോഷൻ നൽകുന്നത് "By Transfer Appointment" പ്രകാരം പി.എസ്.സി.യുടെ സ്യൂട്ടബിലിറ്റി ടെസ്റ്റിലൂടെ മാത്രം ആണ്. അതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ